(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്ത തുക എത്ര വീതമെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) പൊതുമേഖലാ സ്ഥാപനങ്ങളും, സഹകരണ സ്ഥാപനങ്ങളും തുടങ്ങിയവയിൽ നിന്നും സംസ്ഥാന സർക്കാർ വായ്പയൊന്നും എടുത്തിട്ടില്ല.

നികുതി പിരിവ്

245 [299] ശ്രീ. പി. സീതി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ 1986 സെപ്റ്റംബർ 30 വരെ എത്ര കോടി ഉറുപ്പികയുടെ നികുതി കുടിശ്ശിക പിരിച്ചെടുത്തു;

(ബി) നികുതിയിനത്തിൽ എത്ര കോടി രൂപ പിരിച്ചെടുത്തു?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 30-9-1986 അവസാനിക്കുന്ന അർദ്ധ വർഷത്തിൽ കാർഷികേതരായ നികുതിയിനത്തിൽ 6.15 കോടി രൂപയും വിൽപ്പനനികുതിയിനത്തിൽ 211.59 കോടി രൂപയും പിരിച്ചെടുത്തിട്ടുണ്ട്. മറ്റു നികുതിയിനങ്ങളെപ്പറ്റിയുള്ള വിവരം ശേഖരിച്ചുവരുന്നു.

വിവിധ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ള തുക

246 [300] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ നികുതി ഇനത്തിൽ 1986 ഒക്ടോബർ 10 വരെ എത്ര സംഖ്യ ഗവൺമെൻറിന് പിരിഞ്ഞുകിട്ടുവാനുണ്ട് ;

(ബി) പിരിഞ്ഞുകിട്ടുവാനുള്ളതിൽ ഏറ്റവും കൂടിയ സംഖ്യ എത്രയാണ് ; ഇത് ഏത് ഇനത്തിൽപ്പെടുന്ന നികുതിയാണ് ;

(സി) ഓരോ ജില്ലയിലും ഓരോ ഇനം നികുതിയിനത്തിലും ഈ കാലയളവിൽ പിരിഞ്ഞുകിട്ടേണ്ട സംഖ്യ എത്ര ?

ഉത്തരം

(എ) കാർഷികേതരായ നികുതി വിൽപ്പനനികുതി വകുപ്പിനെ സംബന്ധിച്ച് ഓരോ മാസാവസാനത്തെ കണക്കുകളാണ് ശേഖരിക്കാറുള്ളത് ; അതുകൊണ്ട് ഒക്ടോബർ 10 വരെയുള്ള കണക്ക് ലഭ്യമല്ല. ടി വകുപ്പ് 1986-87-ലേക്ക് ലക്ഷ്യമിട്ടിരിക്കുന്നതു പ്രകാരം 30-9-1986-ൽ അവസാനിക്കുന്ന അർദ്ധവർഷത്തിൽ വിൽപ്പന നികുതിയിനത്തിൽ (240) ഇരുന്നൂറ്റി നാൽപ്പത്

LIBRARY ARCHIVES Kerala Legislative Assembly

കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 10.755 കോടി രൂപയുമാണ് പിരിഞ്ഞുകിട്ടാനുള്ളത്. മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 30-9-1986-ൽ അവസാനിക്കുന്ന അർദ്ധവർഷത്തിൽ ഓരോ ജില്ലയിലും വിൽപ്പനനികുതിയിലും കാർഷികാദായ നികുതിയിലും പിരിഞ്ഞുകിട്ടേണ്ട സംഖ്യയുടെ വിവരം യഥാക്രമം അനുബന്ധം 1-ലും അനുബന്ധം 2-ലും കൊടുത്തിരിക്കുന്നു. † മറ്റു നികുതികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞു കിട്ടിയ തുക

247 [301] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86 വർഷത്തിൽ ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്ര ;

(ബി) 1986-87 വർഷത്തിൽ ഏപ്രിൽ ഒന്നു മുതൽ സെപ്റ്റംബർ 30 വരെ അഗ്രികൾച്ചറൽ ഇൻകംടാക്സ് ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 6 കോടി രൂപ.

(ബി) 6 കോടി രൂപ.

കാർഷികാദായ നികുതി കുടിശ്ശിക

248 [302] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-1986-ൽ കാർഷികാദായ നികുതിയിനത്തിൽ ഉണ്ടായിരുന്ന കുടിശ്ശിക എത്ര ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ;

(സി) 30-9-1986-ൽ കാർഷികാദായ നികുതിയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക എത്ര ;

(ഡി) ജില്ല തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 31-3-1986-ൽ കാർഷികാദായ നികുതിയിനത്തിൽ 28.4367 കോടി രൂപ കുടിശ്ശികയായിട്ടുണ്ട്. ഇതിൽ 19.1968 കോടി രൂപ മുൻ വർഷങ്ങളിലെ കുടിശ്ശികയും 9.2399 കോടി രൂപ 1985-86-ലെ കുടിശ്ശികയുമാണ്.

(ബി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly